# GOVT HIGH SCHOOL AYILAM

# വർണ്ണപ്പകിട്ട്

## 2018 - 19



KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION



## എഡിറ്റോറിയൽ

ലിറ്റിൽകൈറ്റ്സ് ഐറ്റിക്ലബ് ടീമിലെ അംഗങ്ങളുടെയും അദ്ധ്യാപകരുടെയും പൂർണ പങ്കാളിത്തത്തോടു കൂടി ആവിഷ്ക്കരിക്കുന്ന ഒരു മാസികയാണ് വർണ്ണപ്പകിട്ട്. എപ്പോഴോ ഒളിയെടുത്ത നമ്മുടെ കഴിവുകളുടെ നേട്ടമായി വർണ്ണപ്പകിട്ട് മാറുന്നു. വിദ്യാർത്ഥികളുടെ കഴിവുകളുടെയും വിദ്യാലയ ജീവിതത്തിലെ വർണ്ണ ശബളമായ അനുഭവങ്ങളുടെയും അതിൽ നിന്ന് രൂപം കൊള്ളുന്ന ഒരുപിടി ഓർമകളുടെയും വേദിയാണ് ഈ മാസിക.തികച്ചും യാദൃശ്ചികമായി ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർക്കു കിട്ടിയ സൗഭാഗ്യം ഒരു ഉത്തരവാദിത്വമായി മാറിയപ്പോൾ ഞങ്ങളുടെ തോളോട് ചേർന്ന് നിന്ന് സഹകരിച്ച എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നന്ദി പറഞ്ഞു കൊണ്ട് വായനയെ സ്നേഹിക്കുന്നവർക്ക് മുമ്പിൽ ഈ വർണ്ണപ്പകിട്ട് സവിനയം സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

കൈറ്റ്മിസ്ട്രസ് ,ഉഷ എസ്

## അണിയറയിൽ

ഹെഡ്മിസ്ട്രസ് : സരസ്വതി ദേവി എസ്

ലിറ്റിൽകൈറ്റ്സ് മാസ്റ്റർ : രാജേന്ദ്രൻ എൻ

ലിറ്റിൽകൈറ്റ്സ് ഐറ്റിക്ലബ് കൂട്ടുകാർ

അർച്ചന പി

അർച്ചന എ വി

മയൂഖ

ശ്രീധന്യ

എഡിറ്റിംഗ് കൈറ്റ്മിസ്ട്രസ് , ഉഷ എസ്

## സന്ദേശം



അയിലം ഗവ. ഹൈസ്കൂളിലെ കുട്ടികളുടെ ഐ.റ്റി . കൂട്ടായ്മയായ ''ലിറ്റിൽ കൈറ്റ്സി''ന്റെ ആദ്യ ബാച്ചിലെ കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസ്സിൻ- 'വർണ്ണപ്പകിട്ട്'-തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം.വിവരസാങ്കേതികവിദ്യയയുടെ ഉപയോഗം പഠന- ബോധനസമ്പ്രദായത്തിൽ ഗുണപരമായ മാറ്റം കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഏവരും ഇതിനകം അംഗീകരിച്ചകാര്യമാണല്ലോ? ഈ പ്രവർത്തനങ്ങളിൽ കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്താനും, അവരിലെ നേതൃഗുണം വർദ്ധിപ്പിക്കാൻ അവസരമൊരുക്കുന്നതിനും ''ലിറ്റിൽ കൈറ്റ്സ്'' സാഹചര്യമൊരുക്കുന്നു. ഈ കൂട്ടായ്മയിലെ അംഗങ്ങൾ അവരുടെ പഠന വിഭവങ്ങൾ ഒരു ഡിജിറ്റൽ മാഗസിനാക്കി മാറ്റുന്ന സന്ദർഭത്തിൽ ഈ സംരഭത്തിൽ ,പങ്കാളികളായ എല്ലാ കുട്ടികളേയും അവരെ സജ്ജരാക്കിയ അദ്ധ്യാപകരെയും അഭിനന്ദിക്കുന്നു.എല്ലാവിധ ആശംസകളും നേരുന്നു.

നിറഞ്ഞ സ്നേഹത്തോടെ

അനിൽ .T
മുൻ ഹെഡ്മാസ്റ്റർ
ഗവ.ഹൈസ്കൂൾ,അയിലം.

## സന്ദേശം



'ലിറ്റിൽ കൈറ്റ്സ് 'കൂട്ടുകാർ അണിയിച്ചൊരുക്കുന്ന ഐ.റ്റി. മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു. ഈ നൂതന സംരംഭത്തിന് നേതൃത്വം വഹിച്ച ഉഷ ടീച്ചർക്കും 'ലിറ്റിൽ കൈറ്റ്സ് 'കൂട്ടുകാർക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

എസ്.സരസ്വതി ദേവി

ഹെഡ് മിസ്ട്രസ്

ഗവ . എച്ച്. എസ് . അയിലം



## സന്ദേശം

പഠനത്തോടൊപ്പം കുട്ടികളുടെ സർഗ്ഗ വാസനകൾ പരിപോഷിപ്പിക്കേണ്ട ഇടങ്ങൾ കൂടിയാണ് വിദ്യാലയങ്ങൾ..കുട്ടികളുടെ ഐ.റ്റി . കൂട്ടായ്മയായ ''ലിറ്റിൽ കൈറ്റ്സി''ന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ വർണ്ണപ്പകിട്ട് എന്ന ഇ മാഗസിനും അത് തയ്യാക്കിയ 'ലിറ്റിൽ കൈറ്റ്സ് 'കൂട്ടുകാർക്കും അതിനു പരിപൂർണ്ണ പിന്തുണ നൽകിയ ഉഷ ടീച്ചറിനും എന്റെ എല്ലാ വിധ ആശംസകളും നേരുന്നു

സ്നേഹപൂർവ്വം

സീനിയർ അധ്യാപകൻ

ജോയ് ജി



## സന്ദേശം

അയിലം ഗവ:ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐറ്റി ക്ലബ്ബിലെ കുട്ടികൾ തയാറാക്കുന്ന വർണ്ണപ്പകിട്ട് എന്ന മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേർന്നു കൊണ്ട് ആശംസകളോടെ

പി റ്റി എ പ്രസിഡന്റ്

ആർ . ശ്രീകുമാർ

## സന്ദേശം



നമ്മുടെ വിദ്യാലയത്തിലും ഒരു ഐ.ടി. മാഗസിൻ അണിഞ്ഞൊരുങ്ങുകയാണ്. അക്കാദമിക മികവുകളിൽ ഇത്തവണ ഒന്നാം സ്ഥാനം ഈ നൂതന സംരഭത്തിനു തന്നെ. സാങ്കേതികവിദ്യയുടെ അനന്തസാധ്യതയെ നമുക്കൊരു പുതുവത്സരസമ്മാനമായി സംഭാവന ചെയ്യുന്ന 'ലിറ്റിൽ കൈറ്റ്സ് ' അംഗങ്ങൾക്കും നേതൃത്വം വവിച്ച ഉഷടീച്ചർക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

*ബിന്ദു. പി. ബി*

*സ്റ്റാഫ് സെക്രട്ടറി*

*ഗവ . എച്ച്. എസ്. അയിലം*

# താളുകൾ മറിക്കുമ്പോൾ

ലിറ്റിൽകൈറ്റ്സ് ഐറ്റിക്ലബ്.....10
ലിറ്റിൽകൈറ്റ്സ് ഐറ്റിക്ലബ് അംഗങ്ങൾ.....11
ദശാബ്ദ സ്മരണകൾ.....12
ഹൈടെക് വിദ്യാലയങ്ങൾ.....14
തിളക്കമാർന്ന നേട്ടങ്ങൾ.....16
കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്.....19
ഇനിയും മരിക്കാത്ത പ്രകൃതി.....20
കഥാകൃത്തിനെ പരിചയപ്പെടാം.....23
മെഡിറ്റേഷൻ അഥവാ ധ്യാനം.....25
മോൾ കണ്ട സുന്ദരസ്വപ്നം.....27
മലയാളമധുരം.....31
ആരും അറിയാതെ.....32
പ്രളയം ദു:ഖമായിരുന്നെങ്കിലും.....37
തത്തമ്മപ്പെണ്ണ്.....40
ഐടി ക്വിസ്.....41

***Build A Positive Personality.....43***
***Come,Let Us Play.....46***
***Art Corner.....47***
***.....48***
***Little Ducks.....49***
***Performance in School Kalolsavam.....50***
***Back to School.....52***

## ലിറ്റിൽകൈറ്റ്സ് ഐറ്റിക്ലബ്

*അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ മാറ്റിമറിച്ചു. സ്വയം പഠിക്കുകയും ഒപ്പം പാഠ്യ വസ്തുവിൽ അവബോധവും താത്പര്യവും അഭിരുചിയും സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള അവസരങ്ങൾ വിദ്യാലയ അന്തരീക്ഷത്തിൽ തന്നെ സാധ്യമാകുന്നത് ഇത്തരുണത്തിൽ അത്യാവശ്യമാകുന്നു. വിദ്യാലയ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ദൈനംദിന പഠനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സാങ്കേതികസൗകര്യങ്ങളുടെ പ്രയോജനത്തിലും വിദ്യാർത്ഥികളെക്കൂടി സമുചിതമായി പങ്കാളികളാകേണ്ടത് ആ പ്രവർത്തനങ്ങളുടെ നടത്തിപ്പിന് അനുപേക്ഷണീയമാണ്.*

*ഹൈടെക്സംവിധാനത്തിൽ പഠനപ്രവർത്തനങ്ങൾ കൂടുതൽ സാങ്കേതിക വിദ്യാധിഷ്ഠിതമായതോടെ അദ്ധ്യാപകർക്കൊപ്പം പ്രവർത്തനങ്ങളുടെ നിർമ്മിതിയിലും നടപ്പിലും സജ്ജീകരണത്തിലും വിഭവങ്ങളുടെ നിർമ്മാണത്തിലും വിഭവങ്ങളുടെ നിർമ്മാണത്തിലും സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികൾ വിദ്യാലയത്തിൽ തന്നെ സജ്ജരാകേണ്ടതുമുണ്ട്.*

*ഇതിനായി തിരഞ്ഞെടുക്കപ്പെട്ട സ്കൂളിൽ ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ അംഗത്വം നമ്മുടെ സ്കൂളിനും ലഭിച്ചു. 2018 ജനുവരിയിൽ അഭിരുചി പരീക്ഷ നടത്തി കുട്ടികളെ തിരഞ്ഞെടുക്കുകയും ജൂൺ മുതൽ എല്ലാ ബുധനാഴ്ചയും വൈകുന്നേരങ്ങളിൽ അവർക്ക് പ്രത്യേകതരം ക്ലാസുകൾ നടത്തുകയും മാസത്തിലൊരിക്കൽ കുട്ടികൾക്കായ് എക്സ്പേർട്ട് ക്ലാസ് അവധിക്കാലപരിശീലനങ്ങൾ തുടങ്ങിയവയും നടത്തി വരുന്നു.*

*ഹൈടെക് ഉപകരണങ്ങളുടെ ശരിയായ ഉപയോഗരീതിയും പരിശീലനവും കംപ്യൂട്ടർ ഹാർഡ് വെയറിന്റെ പ്രാഥമിക തലത്തിലുള്ള പ്രശ്നനിർദ്ധാരണവും കുട്ടികൾക്ക്കൂടുതൽ മനസ്സിലാക്കാൻ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളിലൂടെ സാധിക്കും.*

# ലിറ്റിൽകൈറ്റ്സ് ഐറ്റിക്ലബ് അംഗങ്ങൾ



## ദശാബ്ദ സ്മരണകൾ

കൊല്ലവർഷം 1080(എ.ഡി.1905) ചിങ്ങം 1 ന് കുടിപ്പള്ളിക്കൂടമായാണ് ഈ സ്കൂളിന്റെ ആരംഭം. അയിലം പാറയം വീട്ടിൽ ഗോവിന്ദപ്പിള്ള ആയിരുന്നു ആദ്യത്തെ എഴുത്താശാൻ. 1916-ൽ അന്നത്തെ തിരുവിതാംകൂർ മഹാരാജാവ് ഗ്രാന്റ്സ്കൂളായി അംഗീകാരം നൽകി. അതോടെ അന്നത്തെ ഫോർത്ത്ഫോറം (ഇന്നത്തെ നാലാം ക്ലാസ്സ് )വരെ പഠിക്കാൻ അവസരം ഉണ്ടായി. അന്ന് ഈ സ്കൂളിന്റെ ചുമതല ശ്രീ രാമൻ പിള്ളക്കായിരുന്നു. അദ്ദേഹം കുടുംബസ്വത്തിൽ നിന്നും സ്കൂളിന്റെ വികസനത്തിനായി ഭൂമി വെറുതെ നൽകുകയായിരുന്നു. അതിനുശേഷം അപ്പുറത്തു വീട്ടിൽ കുട്ടൻ പിള്ളക്കായിരുന്നു ചുമതല. കേരളരൂപീകരണത്തിനു ശേഷം ഈ സ്കൂൾ LP സ്കൂളായി അറിയപ്പെട്ടു. 01-051962-ൽ അന്നത്തെ B.D.O ആയിരുന്ന ശ്രീ.എം.ജോർജ്അവർകൾ സ്കൂളിന് പുതിയ കെട്ടിട ശിലാസ്ഥാപനം നിർവഹിച്ചു. തുടർന്ന് 1984-ൽ U.P സ്കൂളായി അപ്ഗ്രേഡ് ചെയ്തു.ശ്രീ.ഇടക്കോട് കുഞ്ഞുകൃഷ്ണപിള്ള, ശ്രീ.അവനവൻചേരി ഗോവിന്ദപിള്ള, ശ്രീ തോട്ടത്തിൽ കൃഷ്ണൻ തുടങ്ങിയവർ ആദ്യകാല അധ്യാപകരാണ്. ആദ്യ വിദ്യാർത്ഥി മേലതിൽ വീട്ടിൽ കുഞ്ഞൻ ആയിരുന്നു.

2001-EAS പദ്ധതിപ്രകാരം ചിറയിൻകീഴ് ബ്ലോക്കിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് ആദ്യ കോൺക്രീറ്റ് കെട്ടിടത്തിന് അന്നത്തെ ബ്ലോക്ക് പഞ്ചായത്ത്പ്രസിഡന്റ് അഡ്വക്കേറ്റ് ശ്രീ.എസ്.ലെനിൻ ശിലാസ്ഥാപനവും 14-6-2002-ൽ അന്നത്തെ ഗ്രാമവികസനവകുപ്പ് മന്ത്രി ശ്രീ.സി.എഫ്.തോമസ് ഉൽഘാടനവും നിർവഹിച്ചു . തുടർന്ന് 2002 - ൽ

ബഹു.എം.പി ശ്രീ.വർക്കല രാധാകൃഷ്ണന്റെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് കെട്ടിടവും 2004 – 2005- ൽ SSA ഫണ്ടുപയോഗിച്ച് കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും തുടർന്ന് ബഹു.എം.പി Dr.സമ്പത്ത് അവർകളുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് 2010 – ൽ പുതിയ കെട്ടിടവും നിർമ്മിച്ചു. തുടർന്ന്2007 – 2008 വർഷത്തിൽ SSA സംസ്ഥാനതലത്തിൽ മികച്ച മാതൃകാവിദ്യാലയമായിപ്രഖ്യാപിക്കുകയും സ്കൂൾ മികവുകളെ സംസ്ഥാന മികവുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തു. സ്കൂൾ മികവുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി 2009 – ൽ അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന മധു സാറിന് മികച്ച അധ്യാപകനുള്ള സംസ്ഥാന അധ്യാപക അവാർഡും ഗുരുശ്രേഷ്ഠ പുരസ്കാരവും ലഭിക്കുകയുണ്ടായി. നാട്ടുകാരുടെ ശ്രമഫലമായി 2010 – ൽ സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി സർക്കാരിനെ സമീപിക്കുകയും 2011-12 അധ്യയന വർഷത്തിൽ RMSA പദ്ധതിയിൽ ഉൾപ്പെടുത്തി ഹയർ സെക്കൻഡറി സ്കൂൾ ആയി ഉയർത്തുകയും ചെയ്തു. നിലവിൽ ഹൈസ്കൂൾ വിഭാഗം വരെ

പ്രവർത്തിക്കുന്നു . 2014-15 -ലെ ആദ്യ SSLC ബാച്ചിൽ 51 കുട്ടികളും 2015-16 ലെ SSLC ബാച്ചിൽ 54 കുട്ടികളും പരീക്ഷ എഴുതി.ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് സരസ്വതി ടീച്ചറിന്റെ നേതൃത്വത്തിൽ അധ്യാപകരും അനധ്യാപകരും ഉൾപ്പെടെ 22 ഓളം പേർ പ്രവർത്തിക്കുന്നു. 385 ഓളം കുട്ടികൾ പഠിക്കുന്നു

## ഹൈടെക് വിദ്യാലയങ്ങൾ

നാല്പത്തയ്യായിരം ഹൈടെക് ക്ലാസുകളോടെയാണ് 2018-19 അദ്ധ്യായന വർഷം ആരംഭിച്ചത്.ഹൈസ്കൂൾ ഹയർ സെക്കന്ററിക്ലാസുകൾ പൂർണ്ണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെയാണ് ഇപ്പോൾ മുന്നോട്ടുപോകുന്നത്. കേരള ഇൻഫ്രാ സ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (KITE) ആഭിമുഖ്യത്തിൽ സജ്ജമാക്കിയ സമഗ്ര വെബ്പോർട്ടലും ആപ്പും ഹൈടെക് ക്ലാസുകളിലെ പഠന പ്രക്രിയ കൂടുതൽ ക്രിയാത്മകവും സർവ്വാത്മകവുമാക്കി മാറ്റുന്നു.അദ്ധ്യാപകരുടെ പാഠാസൂത്രണം , പഠനസാമഗ്രഹികൾ, ചോദ്യപേപ്പറുകൾ, ഡിജിറ്റൽ ടെക്സ്റ്റ് എന്നിവയെല്ലാം സമഗ്രയിൽ ലഭ്യമാണ്. പതിനായിരത്തോളം സൂക്ഷമതല ആസൂത്രണങ്ങളും സമഗ്രയിൽ ഇപ്പോൾ ലഭ്യമാണ്. ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെ എല്ലാ നിലവാരത്തിലുള്ള കുട്ടികളേയും പഠനത്തിന്റെ ഭാഗമാക്കാൻ അദ്ധ്യാപകർക്കു സാധിക്കുന്നു . കുട്ടികളുടെ പങ്കാളിത്തം പഠനക്രിയയിൽ സാധ്യമാക്കുന്നുവെന്നതാണ് ഹൈടെക് ക്ലാസ്സുകളുടെ മുഖ്യ ആകർഷണീയത. അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസത്തിലേക്കു കേരളം എത്തിയെന്നതിൽ നമുക്ക് അഭിമാനിക്കാം.

**ശാരിക,**

**മലയാളംഅദ്ധ്യാപിക**


സ്വാഗതം


പ്രവേശനോത്സവം
2018-19



## തിളക്കമാർന്ന നേട്ടങ്ങൾ

- 2007 – 2008 വർഷത്തിൽ SSA സംസ്ഥാനതലത്തിൽ മികച്ച മാതൃകാ വിദ്യാലയമായി പ്രഖ്യാപിച്ചു.
- 2009 – ൽ അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന മധു സാറിന് മികച്ച അധ്യാപകനുള്ള സംസ്ഥാന അധ്യാപക അവാർഡും ഗുരുശ്രേഷ്ഠ പുരസ്കാരവും ലഭിച്ചു.
- 2009–10 വർഷത്തിൽ ഹരിത വിദ്യാലയം അവാർഡ് ലഭിച്ചു.
- 2010–11 വർഷത്തിൽ നാഷണൽ ഗ്രീൻ കോർപ്സ് അവാർഡ് ലഭിച്ചു.
- 2015 –16 ലെ SSLC പരീക്ഷയിൽ ആറ്റിങ്ങൽ ഉപജില്ലയിൽ 100% വിജയം നേടിയ ഏകവിദ്യാലയം
- 2015 –16 ലെ SSLC പരീക്ഷയിൽ 100% വിജയം നേടിയ വിദ്യാലയത്തിനുള്ള വിദ്യാഭ്യാസ അവാർഡും ക്യാഷ് അവാർഡും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചു.
- ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മാതൃകാപരമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഹൈസ്കൂൾ വിഭാഗത്തിൽ, 2016–17 ലെ മികച്ച ഹെഡ്മാസ്റ്റർക്കുള്ള 'അട്ടപ്പം പദ്ധതി' അവാർഡ് ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയിൽ നിന്നും അനിൽ സാറിനു ലഭിക്കുകയുണ്ടായി.
- 2016–17 ലെ , ഹൈസ്കൂൾ വിഭാഗത്തിൽ മികച്ച പൊതുവിദ്യാലയത്തിനുള്ള സ.കെ.എസ്.അനിൽകുമാർ മെമ്മോറിയൽ എവർറോളിങ്ങ് ട്രോഫി (KSTA, ആറ്റിങ്ങൽ) ലഭിച്ചു.

- ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മാതൃകാപരമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഹൈസ്കൂൾ വിഭാഗത്തിൽ, 2016-17 ലെ മികച്ച പി റ്റി എ ക്കുള്ള 'അട്ടപ്പം പദ്ധതി' അവാർഡ് ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയിൽ നിന്നും അനിൽ സാറിനു ലഭിക്കുകയുണ്ടായി.
- 2016 -17 ലെ SSLC പരീക്ഷയിൽ ആറ്റിങ്ങൽ ഉപജില്ലയിൽ 100% വിജയം നേടിയ ഏകവിദ്യാലയം
- 2017 -18 ലെ SSLC പരീക്ഷയിൽ ആറ്റിങ്ങൽ ഉപജില്ലയിൽ 100% വിജയം നേടിയ വിദ്യാലയം
- 2017-18 ലെ, SSLC പരീക്ഷയിൽ ആറ്റിങ്ങൽ ഉപജില്ലയിൽ 100% വിജയം നേടിയ വിദ്യാലയത്തിന് സ.കെ.എസ്.അനിൽകുമാർ മെമ്മോറിയൽ എവർറോളിങ് ട്രോഫി (KSTA, ആറ്റിങ്ങൽ) ലഭിച്ചു.

# വർണ്ണപകിട്ട്






ഹരിതകേരളം മിഷൻ
വിദ്യാർത്ഥികൾക്കുള്ള
വിത്ത് വിതരണം
MULTIMEDIA ROOM
ജൂൺ 5
പരിസ്ഥിതി ദിനത്തിൽ
ജലശ്രീ
സമ്പൂർണ്ണ ജലസുരക്ഷ പദ്ധതി
5 ലക്ഷം ഫല വൃക്ഷത്തൈകൾ
ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾ നടുന്നു
തിരുവനന്തപുരം ജില്ലാപഞ്ചായത്ത്
മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ജൂൺ 5
പരിസ്ഥിതി ദിനം

# കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്



**സതീഷ്കുമാർ.എസ്,അദ്ധ്യാപകൻ**

**ജില്ലാ സെക്രട്ടറി ,ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്**

**സബ് ജില്ലാ സയൻസ് ക്ലബ് സെക്രട്ടറി**

## *രാജ്യ പുരസ്കാർ അവാർഡ് ജേതാക്കൾ*



*അജയ് എ*



*അനന്ദു കൃഷ്ണൻ*




*അനുജിത്*



*അരവിന്ദ് ജി*



*രാഹുൽ രാജ്*



*വിധു കൃഷ്ണ*



*സജിൻ എം എസ്*



*അനന്തകൃഷ്ണൻ*



*ശബരി അനിൽ*

## ഇനിയും മരിക്കാത്ത പ്രകൃതി

എത്ര മനോഹരമായ പച്ചപ്പരവതാനിയായ പ്രകൃതി. മനുഷ്യന്റെ അത്യാവശ്യഘടകങ്ങളെല്ലാം പ്രകൃതിയുടെ വരദാനമാണ്. പ്രകൃതി സുന്ദരമായ ഒരു ലോകത്തെ സൃഷ്ടിക്കുന്നു.മനുഷ്യനുൾപ്പെടെ എല്ലാം പ്രകൃതിയുടെ ഭാഗമാണ്. വയലോലകളും കുന്നിൻ പുറങ്ങളും നീർത്തോടുകളും മരങ്ങളും നദികളും സർവ്വചരാചരങ്ങളും കൊണ്ട് സമ്പന്നമാണ് പ്രകൃതി. മരങ്ങൾക്കിടയിലൂടെ കുളിർക്കാറ്റുവീശുമ്പോൾ അവ നൃത്തം ചെയ്യുന്നു. കൊച്ച് നീർത്തോടുകളിലെ തെളിവെള്ളം ഒരുമിച്ചണഞ്ഞ് പുഴയായി ഒഴുകുന്നു. വിശാലമായ വയലേലകളിലെ മനോഹരമായ പച്ചനിറം, കുംഭച്ചൂടിൽ പവിഴഭംഗികൊണ്ട് നിൽക്കുന്ന നെൽക്കതിരുകൾ . കാലങ്ങൾക്കുമുമ്പ് എത്ര സുന്ദരമായിരുന്നു ഇവയെല്ലാം.ഇന്ന് ഇവയൊക്കെ അപ്രത്യക്ഷമായി . എല്ലാം തകിടം മറിഞ്ഞു. പ്രകൃതിയുടെ താളം തെറ്റുന്നതിന് ഇവ കാരണമായി. മരക്കൊമ്പിലിരിക്കുന്ന ചകോരവും വയൽ വരമ്പിൽ തപസ്സുചെയ്യുന്ന കൊറ്റികളും എവിടെ? ഇതിനെല്ലാം കാരണം മനുഷ്യനാണ്.

ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും ഒരേ പ്രാധാന്യമാണുള്ളത്. മനുഷ്യൻ ഒഴികെയുള്ളവയെല്ലാം പ്രകൃതിയെ സംരക്ഷിക്കുന്നു. അവയ്ക്കെല്ലാം മനുഷ്യരെ പേടിയാണ് . മനുഷ്യർ എത്തിച്ചേരാത്ത ഒരു പറുദീസ തേടി അവർ അലയുകയാണ്. എന്ത് ക്രൂരതയാണ് മനുഷ്യൻ ചെയ്യുന്നത്. മറ്റു ജീവജാലങ്ങൾക്കു താമസിക്കാനുള്ള ആവാസവ്യവസ്ഥകളെല്ലാം നശിപ്പിക്കുന്നു. ജീവജാലങ്ങളെ കൊന്നൊടുക്കുകയും ഭക്ഷണമാക്കുകയും ചെയ്യുന്നു. അതുമൂലം അവയുടെയൊക്കെ വംശം തന്നെ ഇല്ലാതാകുന്നു. വയൽ,കുന്ന് തുടങ്ങിയവയൊക്കെ തരിശാകുന്നു. അവിടെ വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നു. വികസനം , ഇതെല്ലാം വികസനം മാത്രമാണ്. മനുഷ്യൻ മാത്രം ബാക്കിയാകുന്നതിനെയാണോ വികസനം എന്നു പറയുന്നത്.പ്രകൃതിയുടെസന്തുലിതാവസ്ഥ നിലനിർത്തിപ്പോന്നിരുന്നവയായിരുന്നു കാവുകൾ.രാക്ഷസയന്ത്രങ്ങൾ പാറകൾഭക്ഷിക്കുകയാണ്. മരങ്ങളില്ലാ കുന്നുകളില്ലാ അതിനാൽ മഴയും നിലച്ചു പോയി. സമീപകാലത്ത് അത് നാം കണ്ടതാണ്

അതായിരുന്നു പ്രളയം. എപ്പോഴായാലും നഷ്ടപ്പെടാം എന്ന യാഥാർഥ്യം നാം മനസിലാക്കണം.



*എല്ലാ ജീവജാലങ്ങളേയും പ്രകൃതിമാതാവിനേയുംസംരക്ഷിക്കേണ്ടത് നമ്മുടെ കടമയായിക്കരുതാം.സംരക്ഷിക്കാം പ്രകൃതിയോടിണങ്ങിച്ചേരാം.*

*SIVANANDA*
*VIII A*

# വർണ്ണപകിട്ട്









## കഥാകൃത്തിനെ പരിചയപ്പെടാം

### ***വൈക്കം മുഹമ്മദ് ബഷീർ***


വൈക്കം മുഹമ്മദ് ബഷീർ-1908 -ൽ ജനിച്ചു. 1994-ൽ ദിവംഗതനായി. വിദ്യാഭ്യാസകാലത്തുതന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽ വാസം വരിച്ചു. ഭാരതത്തിൽ എമ്പാടും വിവിധ തൊഴിലുകൾ സ്വീകരിച്ച് സഞ്ചരിച്ചു . കോഴിക്കോട് ബേപ്പൂരിൽ സ്ഥിരതാമസമാക്കി.

കേന്ദ്ര സാഹിത്യ അക്കാദമിയുടെയും കേരളസാഹിത്യ അക്കാദമിയുടെയും ഫില്ലോഷിപ്പ്, സ്വാതന്ത്ര്യ സമര സേനാനിക്കുള്ള താമ്രപത്രം, പത്മശ്രീ, കോഴിക്കോട് സർവ്വകലാശാലയുടെ ഡീലിറ്റ് ബിരുദം എന്നിവ ബഷീറിന് ലഭിച്ച ബഹുമതികളാണ്.

### ***പ്രധാന കൃതികൾ:-***

പ്രേമലേഖനം, ബാല്യകാലസഖി, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, ആനവാരിയും പൊൻകുരിശും, പാത്തുമ്മയുടെ ആട്, മതിലുകൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, മരണത്തിന്റെ നിഴലിൽ, മുച്ചീട്ട് കളിക്കാരന്റെ മകൻ, ജീവിത നിഴൽപാടുകൾ, താരാസ്പെഷ്യൽസ്, മാന്ത്രികപൂച്ച, ശബ്ദങ്ങൾ(നോവൽ), ഭൂമിയുടെ അവകാശികൾ , വിശ്വവിഖ്യാതകന്റെ മൂക്ക്, കഥാബീജം, ജന്മദിനം, ഓർമ്മക്കുറിപ്പ്, വിഢികളുടെ സ്വർഗം, നേരും നുണയും, ആനപ്പൂട, ചിരിക്കുന്ന മരപ്പാവ, ശിങ്കിടി, നൂറുരുപ്പാനോട്ട്.

“ദാഹിച്ച് വലഞ്ഞ് വരുന്ന ഒരു മൃഗത്തിന് വെള്ളം കൊടുക്കുന്നത് പ്രാർത്ഥന



ഒരു ചെടിയോ വൃക്ഷമോ നട്ടു
വെള്ളമൊഴിച്ച് വളർത്തുന്നതും
പ്രാർത്ഥന

ഒരു പുഷ്പത്തിന്റെ സൗന്ദര്യവും
സൗരഭ്യവും ആസ്വദിക്കുന്നതും
പ്രാർത്ഥന

ജീവികളെ സന്തോഷിപ്പിക്കുന്നതും പ്രാർത്ഥന

ദുഖിതരെ ആശ്വസിപ്പിക്കുന്നതും പ്രാർത്ഥന

രാവിന്റെയും പകലിന്റെ ഭീതികളിൽ നിന്ന് ഞങ്ങളെ
രക്ഷിക്കേണമേ എന്നപേക്ഷിക്കുന്നതും പ്രാർത്ഥന

അനന്തമായ പ്രാർത്ഥനയാകുന്ന ജീവിതം"

*വൈക്കം മുഹമ്മദ് ബഷീർ*

*Nandana*
*Manjima*
*Akhila* *9A*

## മെഡിറ്റേഷൻ അഥവാ ധ്യാനം



മെഡിറ്റേഷൻ അഥവാ ധ്യാനം ആരോഗ്യകരമായ ഒരു ജീവിതശൈലിയുടെ ഭാഗമാണെന്നു പറയാം. സ്ട്രെസ്, ടെൻഷൻ എന്നിവ വർദ്ധിച്ചു വരുന്ന ഇന്നത്തെ ജീവിതസാഹചര്യത്തിൽ ഇതിന് പ്രസക്തിയേറുന്നു.

ധ്യാനം അഥവാ മെഡിറ്റേഷൻ കൊണ്ടുള്ള ഗുണങ്ങൾ ഏറെയാണ്. ഇവയെന്തൊക്കെയെന്നു നോക്കൂ,

*സ്ട്രെസ്*

സ്ട്രെസ് വരുത്തി വയ്ക്കുന്ന രോഗങ്ങൾ പലതാണ്. സ്ട്രെസിൽ നിന്നുള്ള മോചനമാണ് മെഡിറ്റേഷൻ കൊണ്ടുള്ള ഏറ്റവും പ്രധാന ഗുണം.

*ഇൻസോംമ്നിയ*

നല്ല ഉറക്കത്തിന് മെഡിറ്റേഷൻ സഹായിക്കും. ഇൻസോംമ്നിയ പോലുള്ള പ്രശ്നങ്ങൾക്കുള്ള നല്ലൊരു പരിഹാരമാണിത്.

*ദേഷ്യം*

ദേഷ്യം നിയന്ത്രിയ്ക്കാനുള്ള ഒരു വഴി കൂടിയാണ് മെഡിറ്റേഷൻ അഥവാ ധ്യാനം. ദേഷ്യം നിങ്ങളുടെ രക്തസമ്മർദം ഉയർത്തും.

*പ്രത്യുൽപാദന ശേഷി*

പ്രത്യുൽപാദന ശേഷി വർദ്ധിപ്പിയ്ക്കാനും മെഡിറ്റേഷൻ സഹായിക്കും.

*ബിപി*

ബിപി അഥവാ രക്തസമ്മർദം ഹൃദയത്തിനു തന്നെ ദോഷം ചെയ്യുന്ന ഒന്നാണ്. ബിപി നിയന്ത്രിയ്ക്കാൻ മെഡിറ്റേഷൻ സഹായിക്കും.

*ഡിപ്രഷൻ*

ഡിപ്രഷൻ പോലുള്ള മാനസിക പ്രശ്നങ്ങൾ പരിഹരിയ്ക്കാനുള്ള ന്ല്ലൊരു വഴി കൂടിയാണ് മെഡിറ്റേഷൻ ചെയ്യുന്നത്.

*ശ്വസനസംബന്ധമായ പ്രശ്നങ്ങൾ*

ശ്വസനസംബന്ധമായ പ്രശ്നങ്ങൾ പരിഹരിയ്ക്കാനും മെഡിറ്റേഷൻ സഹായിക്കും.

*രോഗപ്രതിരോധശേഷി*

ശരീരത്തിന്റെ രോഗപ്രതിരോധശേഷി വർദ്ധിപ്പിയ്ക്കാൻ മെഡിറ്റേഷൻ സഹായിക്കും.

*മസിൽ വേദന*

മസിൽ വേദനയ്ക്കുള്ള നല്ലൊരു പരിഹാരമാണിത്. മസിൽ കോച്ചിപ്പിടിയ്ക്കുന്നതു പോലുള്ള പ്രശ്നങ്ങൾ പരിഹരിയ്ക്കുകയും ചെയ്യും.

*ഓർമശക്തി*

ഓർമശക്തിയും ഏകാഗ്രതയും വർദ്ധിപ്പിയ്ക്കാൻ മെഡിറ്റേഷൻ സഹായിക്കും.

Sreedhanya

Gopika

Mayookha

9A

## മോൾ കണ്ട സുന്ദരസ്വപ്നം

മോളെ, മോളെ എന്ന് ആരാണ വിളിച്ചത്?
മോൾ കട്ടിലിൽ കിടന്ന കൊണ്ട് പുറത്തേക്ക നോക്കി. നേരം വെളുത്ത വരുന്നു. ജനലിനോട് ചേർന്നുള്ള പൂന്തോട്ടത്തിൽ കിളികൾ പാടുന്നു...
"മോളെ" അല്ലാ ഇതാരാണ് തലയാട്ടി വിളിക്കുന്നത്! ജനാലയ്ക്കരികിൽ റോസാപ്പൂവോ? പാതി വിടർന്ന മനോഹരമായ പൂ! അതിന്റെ മണം!....
പൂവിനടുത്തുചെന്ന് മോൾ അതിന്റെ ഇതളുകളിൽ മുഖമമർത്തി. അപ്പോഴാണ മോൾ കാണുന്നത്. ഇതളുകൾ നിറയെ കണ്ണനീർ മുത്തുകൾ അത് തുള്ളികളായി താഴെ വീഴുന്നു! ഇത്ര സുന്ദരിയായ പൂ കരയുമോ?



" എന്തുപറ്റി?" മോൾ ചോദിച്ചു
"മോൾ മറന്നുപോയോ? ഇന്ന് ചാച്ചനെഹ്രുവിന്റെ ചരമദിനമല്ലേ?....."
ഓ അത് ശരി. ഇന്നലെ ടിച്ചർ ചാച്ചനെഹ്രുവിന്റെ കഥ പറഞ്ഞത് ഓർക്കുന്നു. പുഞ്ചിരിച്ചുകൊണ്ട് നിൽക്കുന്ന ചാച്ചയുടെ പടവും സാർ കാണിച്ചു. ചാച്ചയുടെ കോട്ടിൽ ഒരു റോസാപ്പൂവും ഉണ്ടായിരുന്നുവല്ലോ."നെഹ്റു

മാമന്റെ കോട്ടിലിരിക്കുന്ന ആ പൂവിനോട് മോൾക്ക് അസൂയ തോന്നിയതാണ് അപ്പോൾ...

"നെഹ്റുമാമന്റെ കോട്ടിൽ കയറിപ്പറ്റാൻ പറ്റുകില്ലല്ലോ എന്നോർത്താണോ നീ കരയുന്നത്?"

"അതിനുള്ള ഭാഗ്യം എനിക്കില്ലാതെപോയി... എങ്കിലും അദ്ദേഹത്തിന്റെ ഒരംശം എന്നിലുണ്ട്. അതല്ലോ ഞാൻ കരഞ്ഞു പോയത്..."

"മനസിലായില്ലല്ലോ."

"പറയാം. ചാച്ചനെഹറു ഈ നാടിനെയും ഇവിടത്തെ ജനങ്ങളെയും എത്രയേറെ സ്നേഹിച്ചു! താൻ മരിച്ചാൽ ചിതാഭസ്മം ഇവിടത്തെ പുണ്യതീർഥങ്ങളിലും വയലുകളിലും വിതറണം എന്ന് ആ മഹാൻ എഴുതിവെച്ചു. അങ്ങനെ മരണത്തിനുശേഷവും ഇവിടുത്തെ ചെടികളിലും വായുവിലും വെള്ളത്തിലും അലിഞ്ഞുചേർന്നു കിടക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.

"മോൾക്കു വിശ്വാസമായില്ല. വർഷമെത്ര കഴിഞ്ഞു. ഇനി നെഹ്റുമാമന്റെ അംശം ഇവിടെ എങ്ങനെശേഷിക്കാനാണ്.....

"മോൾക്കു വിശ്വാസമായില്ലല്ലേ. ഈ ലോകത്തിലെ എല്ലാ വസ്തുക്കളും ആറ്റങ്ങൾ കൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നതെന്ന് മോൾക്കു അറിയില്ലേ? ഈ ആറ്റങ്ങൾ വളരെ ചെറുതാണെന്ന്."

"അതിന്?"

"പറയാം മോളെ. ചാച്ചനെഹ്രുവിന്റെ ശരീരത്തിലും അനേകം കോടി ആറ്റങ്ങൾ ഉണ്ടായിരുന്നു. കാർബൺ, നൈട്രജൻ, ഹൈഡ്രജൻ, ഓക്സിജൻ,സൾഫർ, ഇരുമ്പ്, കാൽസ്യം, എന്നിങ്ങിനെ എത്രയോ മൂലകങ്ങളുടെ അനേകം കോടി ആറ്റങ്ങൾ."

"പക്ഷേ അദ്ദേഹം മരിച്ചപ്പോൾ അതെല്ലാം നശിച്ചില്ലേ?"

"ഇല്ല മോളെ. ഒന്നും നശിക്കുന്നില്ല. നാം അദ്ദേഹത്തിന്റെ ദേഹം ദഹിപ്പിച്ചു. അപ്പോൾ എന്താണുണ്ടായതെന്നോ? ആ ശരീരത്തിലെ

അനേകകോടി ആറ്റങ്ങൾ  വെള്ളമായും കാർബൺഡയോക്സൈഡായും നൈട്രജന്റെ  ഓക്സൈഡുകളായും മറ്റും ഈ വായുവിൽ ചേർന്നു. അത് ഈ ലോകം മുഴുവൻ വ്യാപിച്ചു. അദ്ദേഹത്തിന്റെ ചിതയിൽ നിന്ന് കിട്ടിയ ഭസ്മത്തിലെ ഘടകങ്ങളും ഈ നാടിന്റെ മണ്ണിലലിഞ്ഞുചേർന്നു."

'പക്ഷേ  അവ ഇത്ര ദൂരെവരെ എത്തുമോ?"

"ഉവ്വ് മോളെ.മോൾക്ക് ആറ്റങ്ങൾ എത്രമാത്രം ചെറുതാണെന്ന് അറിയാൻ വയ്യാഞ്ഞിട്ടാണീ സംശയം. ഭാരതത്തിലെ ഓരോ മുക്കിലുമുള്ള വായുവിൽ അദ്ദേഹത്തിന്റെ ശരീരത്തിൽനിന്നു വന്ന ആറ്റങ്ങൾ ഉണ്ട്. ലോകം മുഴുവനും ആറ്റങ്ങൾ ഉണ്ട്. അത് ഇവിടെത്തെ ചെടികൾ വലിച്ചെടുത്തിട്ടുണ്ട്. അതല്ലേ എന്നിലും അദ്ദേഹം ഉണ്ട് എന്നു ഞാൻ പറഞ്ഞത്."

"അപ്പോൾ എന്റെ ദേഹത്തും ഉണ്ടോ?"തീർച്ചയായും ഉണ്ട്. മോടെ ദേഹത്തിൽ  എത്രയോ കോടി ആറ്റങ്ങൾ അതിൽ കുറച്ചെങ്കിലും അദ്ദേഹത്തിന്റെ അംശംതന്നെ. അതിൽ നമുക്കെല്ലാം അഭിമാനിക്കാം മോളെ. മഹത്തായ കാര്യങ്ങൾ  ചെയ്യാൻ നമുക്ക് ആ വിശ്വസം പ്രചോദനം നൽകും...."

ശ്രീധന്യ
അർച്ചന പി




GOVT.H.S.AYILAM
Mahindra



## മലയാളമധുരം

മധുരം മധുരം മലയാളം
മഹിതം ശ്രേഷ്ഠം മലയാളം
അമ്മിഞ്ഞപ്പാൽ മധുരം പകരും
നമ്മുടെയോമന മലയാളം
തുഞ്ചൻ പാടിയ മലയാളം
കുഞ്ചൻ പാടിയ മലയാളം
അമ്പത്തൊന്നാമക്ഷരവടിവിൽ
ചന്തം പകരും മലയാളം
മണിപ്രവാളം മലയാളം
മധുപ്രവാഹം മലയാളം
കവിതകൾ പാടും മലയാളം
കഥകൾപറയും മലയാളം




ഭാഷകളാണാവധിയുണ്ടാവാം
ഭാഷകൾ പലതു പഠിച്ചേക്കാം
മറന്നിടല്ലേയന്ത്യംവരെയും
മാതാവരുളിയ മലയാളം
മധുരം മധുരം മലയാളം

വിഷ്ണുപ്രിയ
ഗോപിക

## ആരും അറിയാതെ

തിരുവാണിക്കുളം അത് ഒരിക്കൽ ഒരു ഗ്രാമമായിരുന്നു. അത് ഇപ്പോൾ നഗരമാണോ? ഗ്രാമമാണോ? എന്നാൽ അവിടെ രണ്ടു സവിശേഷതകൾ നടമാടുന്ന കാലം. മൽത്സ്യത്തൊഴിലാളിയായ രാമു അയാൾ ഒരു മൽത്സ്യത്തൊഴിലാളിയാണെങ്കിലും അദ്ദേഹത്തിന് എല്ലാത്തിനും വ്യക്തമായ അറിവുണ്ടായിരുന്നു. പ്രകൃതിയെ കുറിച്ച്, ജീവജാലങ്ങളെക്കുറിച്ചു ഇതൊന്നും പുസ്തകങ്ങളിൽ നിന്ന് പകർന്നുലഭിച്ച അറിവല്ല.പ്രകൃതിയാകുന്ന ഗുരു പകർന്നുകൊടുത്തതായിരുന്നു. തിരുവാണിക്കുളത്തു വലിയപണക്കാരും ഒരുപോലെ താമസിച്ചു പോന്നിരുന്നു. എന്നാൽ ഇവർ തമ്മിൽ പരസ്പര സ്നേഹം ഒരിക്കൽ പോലും ഉണ്ടായിരുന്നില്ല. ഇപ്പോഴും ഉയർന്നവർ താഴ്ന്നവരെ പരിഹസിച്ചിരുന്നു. നല്ല വിദ്യാഭ്യാസം ഉണ്ടായിരുന്നതിനാൽ താഴ്ന്നവർ ഉയർന്നവരുടെ വാക്കിനെ എപ്പോഴും കൂടുതലായി വിശ്വസിച്ചിരുന്നത്. ഇക്കാരണത്താൽ താഴ്ന്നവർക്കിടയിലും സ്നേഹം ഉണ്ടായിരുന്നില്ല.

രാമുവിന് രണ്ടു കുട്ടികളും ഭാര്യയും ഒരു അമ്മയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ കുടുംബത്തെ നോക്കാൻ എന്നും കടലിലേക്കുപോകുമായിരുന്ന രാമു ഒരു കൃഷിക്കാരൻ കൂടിയായിരുന്നു. തന്റെ കുടുംബത്തെ മാത്രം ചിന്തിക്കുന്ന ആളുകൾക്ക് മാതൃകയായിരുന്ന രാമു. അദ്ദേഹം ജനങ്ങൾ ഒരുപോലെ പരസ്പരസ്നേഹത്തോടെ ജീവിക്കുന്ന കാലം എപ്പോഴും സ്വപ്നം കണ്ടിരുന്നു. എന്നാൽ അയാളെ പലപ്പോഴും ആ നാട്ടുകാർ കളിയാക്കുമായിരുന്നു. ഒരിക്കലും അദ്ദേഹത്തിന് അവിടെ വില ലഭിച്ചിരുന്നില്ല. ഒരിക്കൽ എന്നത്തേക്കാളും നല്ല കാറ്റും മഴയും ഉണ്ടായിരുന്നു. അത് ഓരോ നിമിഷത്തോടടുക്കുമ്പോൾ

വർധിച്ചുകൊണ്ടിരിക്കുന്നു. ആ മഴ രാമുവിന് എത്തിച്ച വിവരം വരാനിരിക്കുന്ന ആ വെല്ലുവിളിയുടെ ആരവങ്ങളായിരുന്നു. രാമുവിന് മനസ്സിൽ തട്ടിയ ഉറപ്പായിരുന്നു അത്, ഉറപ്പായും ഇവിടെ ഈ ഗ്രാമത്തെ ഒത്തുവിഴുങ്ങാനായ് ഒരു ദുരന്തം വിതുങ്ങി നിൽക്കുകയാണെന്ന്. രാമുവിന് ഭയം വർധിച്ചു. ശക്തി കുറയുന്നതായി അനുഭവപ്പെട്ടു. ആര് പരിഹസിച്ചാലും ആ ദുരന്തത്തെക്കുറിച്ച് പറയാൻ അവൻ തയ്യറായി. അവൻ എല്ലാവരോടും ഇക്കാര്യം പറഞ്ഞു.

ഇതൊക്കെ പലപ്പോഴും പല ആളുകളും പറഞ്ഞ കാര്യങ്ങളാണ്. ഇതുവരെ അങ്ങനെയൊന്ന് സംഭവിച്ചിട്ടേയില്ല. ഇനി സംഭവിക്കാനും പോകുന്നില്ല. എന്നൊക്കെ രാമുവിന്റെ വാക്കിനെ അവർ തള്ളിപ്പറഞ്ഞു. രാമുവിനോട് അവർക്ക് പരിഹാസം ഇപ്പോൾ പതിൻമടങ്ങായി വർധിച്ചു. എന്നാൽ അവനെ കൊണ്ടാക്കുന്നവിധം അവൻ അവരെ മനസിലാക്കാൻ ശ്രമിച്ചു. എന്ത് അവസരത്തിലും ഒരുമിച്ചുനിൽക്കാനുള്ള അവന്റെ താല്പര്യം അവരിൽ നിന്ന് പിന്തിരിപ്പിച്ചില്ല. അവൻ സ്വാർത്ഥതകാട്ടിയില്ല. തന്റെ കുടുംബത്തെക്കൂടി അവൻ അവിടെ താമസിപ്പിച്ചു. ചെറിയൊരു വിശ്വാസം അവരുടെ വാക്കിൽ അവനുണ്ടായതാണ് ഇതിനുകാരണം. എന്നാൽ ഒരൊറ്റ ദിവസം കൊണ്ട് ആ ഗ്രാമത്തിലെ സ്ഥലങ്ങൾ ഒന്നില്ലാതെ ജലത്താൽ മുങ്ങപ്പെട്ടു. കൃഷിസ്ഥലത്തു വെള്ളം കേറുന്നത് കണ്ടപ്പോൾ രാമു ആകെ തളർന്നുപോയി. പെട്ടന്നാണ് അവൻ അത് ഓർത്തത് തന്റെ കുടുംബം അവന്റെ കണ്ണുകളെ ആ കാഴ്ച നിശ്ചലമാക്കി. തന്റെ വീട് ആ മഴവെള്ളപ്പാച്ചിലിനോടൊപ്പം ഒലിച്ചുപോയി. അവൻ അവിടെ നിറഞ്ഞ വെള്ളത്തിനൊപ്പം നീന്തി തന്റെ കുടുംബത്തെ തിരഞ്ഞു. എന്നാൽ അവന് കണ്ടെത്താനായില്ല.

ആ നാട്ടുക്കാരെക്കൊണ്ടാണ് തനിക്കും അവർക്കും ഒരേ ഗതി വന്നത്. രാമു തന്റെ കുട്ടികളെ ഓർത്ത് നിശ്ചലനായി. അപ്പോഴാണ് ആ നിലവിളികൾ അവനു ഉണർവ് നൽകിയത്. അവന് അവനെ നിയന്ത്രിക്കാൻ കഴിയാത്തവിധത്തിൽ ശക്തികൂടിക്കൂടിവന്നു. ചില കുടുംബാംഗങ്ങൾക്ക് പല ആളുകളെയും നഷ്ടപ്പെട്ടു. എല്ലാവരെയും രക്ഷിക്കാൻ രാമു നെട്ടോട്ടമോടി. ഒരുപാട് ജീവന് അവന് പുനർജ്ജന്മം നൽകി. അവർ അവനോട് ക്ഷമ ചോദിച്ചു. അതൊന്നും കേൾക്കാൻ നിൽക്കാതെ അവന്റെ ജോലി തുടർന്നു. അവന്റെ ആ ധൈര്യം അവനെ വലിയവനാക്കി. അനവധി ജീവൻ രക്ഷിച്ച അവൻ വല്ലാതെ തളർന്നു.



പെട്ടന്ന് വന്ന ആ ജലപ്രവാഹം അവനെ അവന്റെ കുടുംബത്തിനോടൊപ്പം തുടർന്നുജീവിക്കാൻ മറ്റൊരു ജന്മം നൽകി. അവൻ പതിയെപ്പതിയെ മരണത്തിലേക്ക് വീണു. അവൻ തന്റെ മക്കളോടൊപ്പം മറ്റൊരു തീരത്തേക്ക് നടന്നകന്നു. മഴയുടെ ശക്തി കുറഞ്ഞു. കാറ്റ് തളർന്നു. ആ പ്രളയം നാടിന്റെ സപ്തനാഡിയേയും ഒരു രാജവെമ്പാലപ്പാമ്പിന്റെ വിഷം കൊണ്ട് നിറച്ചു. ആ നാട്ടിൽ ഒരുപാട് ആളുകൾ മരണമടഞ്ഞു. അങ്ങനെ ഒരു വ്യക്തിത്വം ആയി തീർന്നു രാമു. പിന്നെയും പുഴകൾ ഒഴുകി. ആ വെള്ളപ്പാച്ചിലിൽ ആ ഓളങ്ങളിൽ

രാമുവിന്റെ പേര് കേട്ടില്ല. കാറ്റ് വീശി ആ സ്വരത്തിൽ രാമുവിന്റെ പേര് ഉച്ചരിച്ചില്ല. ആ നാട് അദ്ദേഹത്തിനെ മറക്കാൻ തുടങ്ങി. പതിയെപ്പതിയെ മറന്നു. പിന്നെ ആ നാട്ടിൽ കണ്ടതാകട്ടെ നാട്ടുമാത്രമല്ല ആ ഗ്രാമത്തിനപ്പുറമുള്ള പ്രദേശങ്ങളും ഒന്നിച്ചു. രാമുവിന്റെ സ്വപ്നം. താഴ്ന്നവരും ഉയർന്നവരും ആഘോഷങ്ങളിലും ദുഃഖങ്ങളിലും ഒരുപോലെ പരസ്പരം സ്നേഹിച്ചു ജീവിക്കുന്നു. അവർ ഒരു കുടുംബത്തെ പോലെ ഒരു ജീവിതം നയിക്കാൻ തുടങ്ങി. മറ്റു നാട്ടുകാർ അവർക്ക് ഒരുപാട് സഹായം നൽകി. പക്ഷേ പ്രകൃതിയെ സ്നേഹിച്ചവനെ പ്രകൃതിപോലും മറക്കുകയായിരുന്നു. ആ മനുഷ്യനെ എന്ന് ഇനി ഓർക്കും. ഒരു പ്രളയം അവന്റെ ആഗ്രഹം സഫലമാക്കി. എന്നാൽ അവന്റെ ജീവിതം അസഫലമാക്കി തീർത്തു. രാമു എപ്പോഴും ആ നാട്ടിൽ തന്നെ തിങ്ങി നില്ക്കുന്നു.

അവന്റെ സ്വപ്നം കണ്ടു കൊണ്ടു

.........................................................അവൻ അങ്ങനെ ആരും അറിയാതിരുന്നു..................

**അഷ്ടമി എസ് പ്രസാദ്**

**8B**

# വർണ്ണപകിട്ട്







## പ്രളയം ദു:ഖമായിരുന്നെങ്കിലും

ഞാനിതാ ചൊല്ലുന്നു കേൾക്ക നീ ഭൂമിയേ
ഈ പ്രളയം ദു:ഖമായിരുന്നെങ്കിലും
ഓർക്കണം നമ്മളാ ദു:ഖത്തിനേക്കാളും
ആ പൊരുൾ കേരളം മുങ്ങിയതിൽ
പുഴകളെ കൊന്നപ്പോൾ ഓർത്തില്ല പുഴ-
തന്റെ കാമുകനാം മഴതൻ രൗദ്രഭാവം
മരങ്ങളെ കോന്നപ്പോൾ ഓർത്തില്ല മരം
തന്ന തണലും കാറ്റും ആനന്ദവും
ആഞ്ഞടിച്ചു കൊടുങ്കാറ്റും മഴയും
ഓടിയെത്തി പെരുവെള്ളമെങ്ങും.



ഓർക്കണം നമ്മളാ ദു:ഖത്തിനേക്കാളും

കൈതന്നു പുനർജ്ജീവനേകിയവർ

ജാതിയല്ല മതവുമില്ലവനപ്പോൾ

മാനുഷർ എന്നൊരു ചിന്ത മാത്രം

ഇന്ത്യതൻ മക്കളുമെത്തി പിന്നെയും

കടലിന്റെ മക്കളുമായി

രക്ഷകരായെത്തി പിന്നെയും പിന്നെയും

നാമമറിയാത്തൊരേറെപ്പേരായി.....

Adithya.N.S

8B







little KITEs

## തത്തമ്മപ്പെണ്ണ്

നെല്ലിമരത്തിൽ  ചില്ലിക്കൊമ്പിൽ
ഒരുനാൾ കണ്ടു തത്തമ്മ
പച്ചപ്പട്ടിനുടുപ്പുണ്ട്
തെച്ചിപ്പൂവുപോൽ  കൊക്കുണ്ട്
ചന്തം ചേർന്നൊരു  തത്തമ്മ
എന്തൊരു ഭംഗി നിനക്കയ്യ!
നെല്ലിമരത്തിൽ  ചില്ലിക്കൊമ്പിൽ
ഒരുനാൾ കണ്ടു തത്തമ്മ
വയലുകൾ തോറും പാറുന്ന
കതിരുകൾ കൊത്തിത്തിന്നിടൻ
കതിരുകളെന്നും ഇല്ലല്ലോ
വിഷണ്ണയായി പോകുന്നു
വയലു നികത്തിയ കർഷകരെ
ഉള്ളാലൊന്നു ശപിച്ചിട്ട്
മറ്റൊരു പാടം തേടിട്ടു
പറന്ന് പാറിപ്പോകുന്നു



Midhun .S
Akhila 9A
Geethanjali 9A

## ഐടി ക്വിസ്

1. ക്രിയ ചെയ്യാൻ ഉപയോഗിച്ചിരുന്ന അതിപുരാതനമായ ഉപകരണം?

2. ആദ്യ high -level കമ്പ്യൂട്ടർ language?

3. Super computer കണ്ടെത്തിയ വ്യക്തിയാര്?

4.Keybord ന്റെ മുകൾ ഭാഗത്തായി കാണപ്പെടുന്ന 12 keys നെ പറയുന്ന പേരെന്ത്?

5. വ്യാവസായികാടിസ്ഥാനത്തിൽ ലഭ്യമാക്കപ്പെട്ട ആദ്യ കംമ്പ്യൂട്ടർ?

6. ഏത് ആൾജിബ്രയുടെ അടിസ്ഥാനത്തിലാണ് computer ക്രിയ ചെയ്യുന്നത്?

7. കംമ്പ്യൂട്ടർ ചരിത്രത്തിലെ ആദ്യത്തെ programmer?

8. മൗസിലെ ഏറ്റവും പ്രധാനപ്പെട്ട ബട്ടൺ?

9. BASIC?

10. മെഷീൻ ലാംഗ്വേജിൽ ഉപയോഗിക്കുന്ന 2 സംഖ്യകൾ?

11. Computer's grand father?

12. Computer-ന് എത്ര തലമുറകളുണ്ട്?

13. ഏത് തരം ടെക്നോളജിയാണ് നിലവിലെ കംമ്പ്യൂട്ടറിൽ?

14. 1972 -ൽ കണ്ടെത്തിയ C Languae?

15. First generation technology?

16. മൗസ് ഉപയോഗിക്കാൻ ഒരു കംമ്പ്യൂട്ടറിൽ വേണ്ട soft ware?

17. Windows software develop ചെയ്യുന്ന കമ്പനി?

18. ഏത് രൂപത്തിലാണ് RAM എഴുതപ്പെട്ടിരിക്കുന്നത്?

19. ആദ്യത്തെ പോക്കറ്റ് കംമ്പ്യൂട്ടർ?

20. ഉടമസ്ഥന്റെ അനുവാദം ഇല്ലാതെ കംമ്പ്യൂട്ടർ program copy ചെയ്യുന്നതിനെ

പറയുന്ന പേരെന്ത്?

21. Browser ഉപയോഗിച്ച് ഇന്റർനെറ്റിൽ വിവരങ്ങൾ തിരിച്ചറിയുന്നതിനെ പറയുന്ന പേരെന്ത്

22. ഇന്റർനെറ്റ് പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന സംഘടന?


Neha Suman
Bimithra Murali
Abhayakrishnan
Nisanth
Akshay.P
Akshay.J
9A

## *Build A Positive Personality*




- Accept Responsibility
- Show Consideration
- Think Win-Win
- Choose your words carefully
- Don't Criticize and Complain
- Smile and Be Kind
- Put a Positive Interpretation on Other People's Behaviour
- Be a Good Listener
- Be Enthusiastic
- Give Honest and Sincere Appreciation
- When You Make a Mistake ,Accept It And Move On
- Discuss But Don't Argue
- Don't Gossip
- Turn Your Promises Into Commitments

- Be Grateful But Do Not Expect Gratitude
- Be Dependable And Practice Loyalty
- Avoid Bearing Grudges
- Practice Honesty,Integrity and Sincerity
- Practice Humility
- Be Understanding And Caring
- Practice Courtesy on a Daily Basis
- Develop a sense of Humor
- Don't Be Sarcastic and Put Others Down
- To Have a Friend,be a Friend
- Show Empathy




Manjima

Mayookha

Archana.A.V 9A



ഗണിത ശാസ്ത്ര മേളയിൽ വർക്കിങ് മോഡലിൽ ജില്ലയിൽ ഒന്നാം സ്ഥാനവും സംസ്ഥാന തലത്തിൽ എ ഗ്രേഡും നേടിയ നേഹ സുമൻ



## *Come,Let Us Play*

*Welcome , welcome , I do say ,*
*With a heart that filled with gay .*
*You do come and join the game ,*
*To make and spread so wide our fame*
*Let us make a chain of ours*
*And make so fruitful these great hours .*
*We are free to think and play ,*
*Many a game that make some gain .*
*Shall we play the hide and seek .....*
*If I hide , can you seek .....?*
*Or can play police and thief*
*You can't catch me if I am a thief .*
*If 'am a ruler , you are my subject*
*I may rule you out from my subjects .*
*If 'am a doctor , you are my patient ,*
*I will keep you to lose your patience .*
*If 'am a lawyer , you are my client ,*
*I will twist the laws for my client .*
*If 'am a gambler , you are my partner ,*
*I will cheat you in any matter*
*If 'am a teacher , you are the pupil*
*I will teach you to be good people .*

*Uma ,Bimithra ,9A*

## *Art Corner*




Ashtami.S.Prasad,8A



Nandana.P.R 9A



Arjun Prathap,9A






Alfiya,8A

## *Little Ducks*

Five little ducks went out one day,
Over the hills and far away,
Mother duck said, Quack, quack,quack ,,
And only four little ducks came back.
Four little ducks went out one day,
Over the hills and far away,
Mother duck said, Quack, quack, quack,,
And only three little ducks came back.
Three little ducks went out one day,
Over the hills and far away,
Mother duck said, Quack, quack,quack ,,
And only two little ducks came back.
Two little ducks went out one day,
Over the hills and far away,
Mother duck said, Quack, quack, quack,,
And only one little duck came back.
One little duck went out one day,



Sreejith, Karthik 9A

## *Performance in School Kalolsavam*









# വർണ്ണപകിട്ട്









## *Back to School*

I am a primary school teacher . Do you know that even teachers attend classes from time to time ? We become students and learn from senior teacher!

In one such class , I met a senior teacher , Mrs . Sarikala . She was a kind person and was a good teacher . She was part of the municipal department that looked after education . Her job was ensure that every kind in he locality would attend school . She was our favourite teacher in training sessions .

Thats why we were disappointed when she didnt come to take our class for a couple of days . Then , much to our relief , She started taking our class again . She explained her absence - She told us she had gone in search of her missing student . «What missing students ?» We all asked . Mrs sarikala then told as that she had been doing for the last two days .

"We try our very best to get all children to attend school . These children come from poor backgrounds . When a child is absent for more than three to four days , I visit their place to see whats the problem ," said Mrs . Sarikala .

"This time two children stopped coming to my school they were children of construction works . I visited the construction site

and workers had moved to another construction site faraway . The super visor told me where to find them . So , I took a bus to that construction site faraway . I found the parents of my missing student."

I was shocked to see my students working a the construction site carrying bricks on their head . I asked the parents why the they had stooped sending their children to school .

"Madam , we go where our work takes us . If we dont work , we wont have enough money to buy food . Now that we work here , how can we sent the children to a school that is so far away ?" the mother said .

I told them I could find a school near by . The next day , I took the children to the nearest municipal school and got them admission there . Now the children are back in school , Mrs . Sarikala finished her story with a smile .

We were all relieved to hear that those children were back in school . We felt very pround of your teacher who took so much trouble to get those children back to school .

Soon , the training session was completed . I went back to my school . On my return , I found one of my students had stopped attending

school . She came from a slum across the railway track . That evening I found my self crossing the railway track , on my way to the slum in search of my missing student .




Archana.P

9A

# വർണ്ണപകിട്ട്








ലിറ്റിൽകൈറ്റ്സ് ഐറ്റിക്ലബ്

കൂട്ടുകാർ



**GOVT HIGH SCHOOL,AYILAM**

**AYILAM P O**

**Tel:-0470-2639369 , E:govthsayilam@gmail.com**